(സി) 1:1:1:1 എന്ന റേഷ്യോ റീ ഫിക്സേഷൻ വന്നകാലം മുതൽ നിലവിലുള്ള നിയമത്തിലെ അപാകതമൂലം തസ്തികമാറ്റം നടത്താൻ സാധിക്കാതിരുന്നവരുടെ താല്പര്യം സംരക്ഷിക്കാൻ സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നടപടി പൂർത്തിയാക്കിയിട്ടില്ല.

(സി) ടൈപ്പിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽനിന്ന് അസിസ്റ്റന്റ് ഗ്രേഡ് -1 ആയി തസ്തിക മാറ്റം ലഭിക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ട്.

സ്വാതന്ത്ര്യ സമരസേനാനി പെൻഷൻ

12 (666)ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര, ചോമ്പാല, ഒഞ്ചിയം, കണിയാന്റവിട ശ്രീ. പൊക്കൻ സ്വാതന്ത്ര്യസമര സേനാനി പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഗവൺമെന്റിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷയോടൊപ്പം മതിയായ രേഖകൾ ഇല്ലാത്തതിനാൽ പെൻഷൻ അനുവദിക്കുന്ന കാര്യം തീരുമാനിക്കാൻ സാധിച്ചിട്ടില്ല. അതിനാൽ ജില്ലാ ഉപദേശകസമിതിയുടെ പരിഗണനയ്ക്ക് വച്ച് തീരുമാനം അറിയിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. ജില്ലാ ഉപദേശക സമിതിയുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് അപേക്ഷയിന്മേൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയിലെ നിയമനങ്ങളിൽ സാമുദായിക സംവരണം

13 (668) ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവള കമ്പനിയിലെ നിയമനങ്ങളിൽ സാമുദായിക സംവരണം ആവശ്യപ്പെട്ടുകൊണ്ട് നടന്ന പ്രക്ഷോഭ പരിപാടികളെത്തുടർന്ന് 16.2.2000 നുശേഷം പുതുതായി പട്ടിക വിഭാഗ സമുദായത്തിൽ നിന്ന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെ;

(ബി) 16.2.2000-നു ശേഷം പട്ടിക വിഭാഗത്തിൽനിന്ന് ഒരാളെപ്പോലും നിയമിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) ഭൂമി നഷ്ടപ്പെട്ടതിന്റെ പേരിൽ ജോലി ലഭിച്ച പട്ടികവിഭാഗത്തിൽപ്പെട്ടവരെ സാമുദായിക പ്രാതിനിധ്യ കാട്ടയിൽപ്പെടുത്താതെ ജോലി നൽകുന്നകാര്യം എന്തുകൊണ്ട് പരിഗണിക്കുന്നില്ലെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) 16.2.2000- ന് ശേഷം പുതിയ ഒഴിവുകൾ ഉണ്ടായിട്ടില്ല.

(സി) സർക്കാരിന്റെ പൊതുനയത്തിന് വിധേയമായി മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളു.

സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കാൻ നിവേദനം

14 (669) ശ്രീ. എ. കണ്ണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-നരിപ്പറ്റ-ചിക്കോട്- വെളുത്ത പറമ്പത്ത് ശ്രീ. വി. പി. ഗോവിന്ദൻ എന്നയാൾക്ക് സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1991 ലും 1996 ലും ആയി ശ്രീ. വി.പി. ഗോവിന്ദൻ സ്വാതന്ത്ര്യസമരസേനാനി പെൻഷനുവേണ്ടി സമർപ്പിച്ചിരുന്ന രണ്ടു അപേക്ഷകളും കോഴിക്കോട് ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരവും സ്വാതന്ത്ര്യസമര സേനാനി പെൻഷൻ ചട്ടപ്രകാരവും സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് യാതന അനുഭവിച്ചിട്ടുണ്ടെന്നു തെളിയിക്കുന്നതിന് മതിയായ തെളിവു രേഖകൾ ഹാജരാക്കാത്തതിനാൽ പെൻഷൻ അനുവദിച്ചിട്ടില്ല. രണ്ടു തവണയും വിശദമായ മറുപടി നൽകി ശ്രീ. ഗോവിന്ദനെ സർക്കാരിന്റെ തീരുമാനമറിയിച്ചിട്ടുണ്ട്.

പഞ്ചിംഗ് സമ്പ്രദായം വ്യാപിപ്പിക്കുന്നതിന് നടപടി

15 (670) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചിംഗ് സമ്പ്രദായം എത്രത്തോളം ഗുണകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സമ്പ്രദായം കൊണ്ട് ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ടോ;

(സി) കൂടുതൽ മേഖലകളിലേക്ക് ഇതു വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) പഞ്ചിംഗ് സമ്പ്രദായം ഘട്ടംഘട്ടമായി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly